ബാങ്കിനെതിരെ ചുമത്തിയിരിക്കുന്ന താഴെപ്പറയുന്ന കുറ്റങ്ങൾ (ചാർജ്) നിലനിൽക്കുന്നതായി ആർ.ബി.ഐ.കണ്ടെത്തുകയും തന്മൂലം പണപ്പിഴ ചുമത്തൽ നിർബന്ധിതമാവുകയും ചെയ്തു:

പ്രസ്തുത ബാങ്ക് :

i. അക്കൗണ്ടുകളുടെ അപകട സാദ്ധ്യതാ വർഗ്ഗീകരണത്തിന്റെ ആനുകാലിക അവലോകനം കുറഞ്ഞത് ആറു മാസത്തിലൊരിയ്ക്കലെങ്കിലും നടത്തുന്നതിൽ വീഴ്ച വരുത്തി.
ii. ഉപഭോക്താക്കളുടെ കെവൈസിയുടെ കാലാനുസൃതമായ പുതുക്കൽ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തി.
iii. പ്രസ്തുത ബാങ്കിൽ നിന്നും വായ്പയെടുത്തവരുടെ വിവരങ്ങൾ മൂന്ന് ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികൾക്ക് നൽകുന്നതിൽ വീഴ്ച വരുത്തി.

ഈ നടപടി, നിയമം വ്യവസ്ഥാപനം ചെയ്യുന്ന ഉത്തരവുകൾ പാലിക്കുന്നതിലെ പോരായ്മകളെ അടിസ്ഥാനമാക്കിയുള്ളതാണ് എന്നു മാത്രമല്ല, ഇത് പ്രസ്തുത ബാങ്ക് അവരുടെ ഉപഭോക്താക്കളുമായി നടത്തിയിട്ടുള്ള ഏതെങ്കിലും ഇടപാടിന്റെയോ കരാറിന്റെയോ സാധുതയെക്കുറിച്ചുള്ള വിധി പറയുവാൻ ഉദ്ദേശിച്ചുള്ളതുമല്ല. കൂടാതെ, ഈ പണപ്പിഴ ചുമത്തൽ പ്രസ്തുത ബാങ്കിനെതിരെ ആർ.ബി.ഐ മേലിൽ ആരംഭിച്ചേക്കാവുന്ന മറ്റെന്തെങ്കിലും നടപടികളിന്മേൽ യാതൊരു മുൻവിധിയും ഉളവാക്കുന്നതല്ല.

**(പുനീത് പഞ്ചോളി)**

**പത്രക്കുറിപ്പ് :2025-2026/411** ചീഫ് ജനറൽ മാനേജർ